ശ്രീ. പി. കെ. വാസുദേവൻനായർ: അപൂർവ്വമായി എവിടെയെങ്കിലും റിട്ടയർ ചെയ്തതിനുശേഷം ആരെയെങ്കിലും വച്ചിട്ടുണ്ടോ എന്നു നിശ്ചയമില്ല. ഉണ്ടായിരിക്കാം. പൊതുനയം അതിനെതിരാണ്.

ശ്രീ. പി.പി. എസ്തോസ്: 23.8.1978 ലാണ് ഈ പ്രായപരിധി ഉയർത്തിയിരിക്കുന്നത്. ഈ കാലയളവിനുള്ളിൽ ഈ നിയമം നടപ്പാക്കാത്തതിന്റെ ഫലമായി നൂറുകണക്കിന് ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാനുള്ള സന്ദർഭം നഷ്ടപ്പെട്ടിട്ടില്ലേ? ഗവൺമെന്റു കമ്പനികളിലും കോർപ്പറേഷനുകളിലും സൊസൈറ്റികളിലും അടക്കം ഇത് അംഗീകരിക്കാത്തതിന്റെ ഫലമായി നിരവധി ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാൻ കഴിയാതെ വന്നിട്ടില്ലേ? അവരെ എങ്ങനെ സഹായിക്കാൻ കഴിയും ഈ കാര്യം പരിഗണിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: 42 കമ്പനികളിൽ 24 കമ്പനികളും മാത്രമായിരുന്നു ഇതേസംബന്ധിച്ച് ഡയറക്ടർ ബോർഡ് തീരുമാനമെടുക്കാൻ ബാക്കിയുണ്ടായിരുന്നത്. 6.2.1979ൽ വീണ്ടും ഒരു സർക്കുലർ അയക്കുന്ന സമയത്തുള്ള വിവരമാണ്. അതുകൊണ്ട് എല്ലായിടത്തേയും സ്ഥിതിയിൽ മാറ്റം വന്നിട്ടില്ല എന്നുള്ളതു തെറ്റാണ്. സാധാരണ കമ്പനികളിൽ ഈ മാറ്റം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അല്പാത്ത കമ്പനികളിൽ നഷ്ടപ്പെട്ടുപോയ ഈ അവസരം ഇനി വീണ്ടെടുത്തുകൊടുക്കാൻ സാധിക്കുകയില്ല. ഭാവിയെ സംബന്ധിച്ച് ഉറപ്പുവരുത്താൻ കഴിയും.

എൻ.ഒ.സി. തട്ടിപ്പ് തടയുന്നതിനുള്ള മുൻകരുതലുകൾ

* 553 [588] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ഒ.സി. തട്ടിപ്പ് തടയുന്നതിനുവേണ്ട മുൻകരുതലുകൾ കൈക്കൊള്ളാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) എൻ.ഒ.സി. തട്ടിപ്പുകാരുടെ ഒരു സ്ഥിരം ലിസ്റ്റ് തയ്യാറാക്കി അവരെ സൂക്ഷ്മനിരീക്ഷണം നടത്താൻ പോലീസിന് നിർദ്ദേശം കൊടുക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) എൻ.ഒ.സി. തട്ടിപ്പു സംബന്ധിച്ചുള്ള പരാതികളോ വിവരങ്ങളോ ലഭിച്ചാൽ ഉടൻതന്നെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് പോലീസിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എൻ.ഒ.സി. തട്ടിപ്പുകാരുടെ ലിസ്റ്റ് തയ്യാറാക്കാവുന്നതാണ്. സൂക്ഷ്മ നിരീക്ഷണം നടത്താൻ ഇപ്പോൾത്തന്നെ നിർദ്ദേശമുണ്ട്.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: എൻ.ഒ.സി. തട്ടിപ്പിന്റെ പേരിൽ കേരളത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്? അങ്ങനെ രജിസ്റ്റർ ചെയ്ത കേസുകളിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ.എം. മാണി: 1.4.1977 മുതൽ 31.12.1978 വരെ 160 എൻ.ഒ.സി. തട്ടിപ്പുകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

55 കേസുകളും ചാർജ്ഷീറ്റ് ചെയ്യപ്പെട്ടുകഴിഞ്ഞു. ബാക്കി 98 കേസുകളും ഇൻവെസ്റ്റിഗേഷനിൽ കിടക്കുകയാണ്.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: തട്ടിപ്പിന് വിധേയരായ പാവപ്പെട്ട ഉദ്യോഗാർത്ഥികളിൽനിന്നു എത്ര ലക്ഷം രൂപ ഈ വിരുതൻമാർ തട്ടിച്ചെടുത്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ.എം. മാണി: ആകപ്പാടെയായിട്ട് പറയാൻ കഴിയുകയില്ലെങ്കിലും ഒരുപാട് കുഷ്ടനഷ്ടങ്ങൾക്ക് നിരപരാധികളായ ആളുകളെ വിധേയരാക്കിയിട്ടുണ്ട്. ഇതിനെതിരെ കർശനമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി.എ. മജീദ്: ഈ തട്ടിപ്പിനു, അംഗീകാരമില്ലാത്ത ട്രാവൽ ഏജൻസികളും കൂട്ടുനിൽക്കുന്നു എന്നുള്ളതുകൊണ്ട് അംഗീകാരമില്ലാത്ത ട്രാവൽ ഏജൻസികളെ ബ്ലാക്ക്ലിസ്റ്റിൽപെടുത്തുകയോ അവരെ നിയന്ത്രിക്കുകയോ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.എം. മാണി: വളരെ സിസ്റ്റമാറ്റിക്കായിട്ടാണ് പ്രവർത്തിക്കുന്നത്. അംഗീകാരമില്ലാത്ത ട്രാവൽ ഏജൻസികളും ഇതിൽ പലപ്പോഴും ബന്ധപ്പെടുന്നുണ്ട്. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം അവരെ എങ്ങനെ നിയന്ത്രിക്കാൻ കഴിയുമെന്നുള്ളത് പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. ഇ. പി. ഗോപാലൻ: ബോംബെ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു വലിയ വലയമാണ് ഇതിന്റെ പിന്നിലുള്ളത് എന്നുള്ളതുകൊണ്ട് കേരളത്തിൽമാത്രം ഒതുങ്ങിനിന്നുള്ള ആലോചനകളും നടത്തിയാൽ ഫലപ്രദമാകുകയില്ലെന്നു മനസ്സിലായിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനു തക്കവിധം ഫലപ്രദമായ നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. കേരളത്തിനകത്തു ഒതുങ്ങിനിൽക്കുന്നതല്ല. ബോംബെയിലും മറ്റു സംസ്ഥാനങ്ങളിലും ബന്ധപ്പെട്ടു കിടക്കുന്ന വിദഗ്ദ്ധമായ ഒരു തട്ടിപ്പു സംവിധാനത്തിന്റെ കണ്ണിയുടെ ഭാഗമാണ് ഇത്.

ശ്രീ. സേവ്യർ അറയ്ക്കൽ: 160 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും 55 കേസുകളും ചാർജ്ജു ചെയ്തിട്ടുണ്ടെന്നും പറഞ്ഞു. അവരുടെ പേരു പൊതുജനങ്ങളുടെ ഉപകാരത്തിനുവേണ്ടി പബ്ലിഷ് ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ.എം. മാണി: അതു പബ്ലിഷ് ചെയ്യണമെങ്കിൽ പബ്ലിഷ് ചെയ്യണമെന്നല്ലാതെ പേരു പബ്ലിഷ് ചെയ്തതുകൊണ്ട് വലിയ പ്രയോജനമുണ്ടാകുമെന്നു തോന്നുന്നില്ല. ഓരോ പ്രദേശത്തേയും ആളുകൾക്ക് ഇതു അറിയാവുന്നതാണ്.

ശ്രീ. പി.ബി.ആർ. പിള്ള: 160 കേസുകളും ഉണ്ടായിട്ടും ഇതിന്റെ ഒരു ലിസ്റ്റുതയ്യാറാക്കാൻ ഗവൺമെന്റും നിർദ്ദേശം കൊടുത്തിട്ടില്ലേ? നിർദ്ദേശം കൊടുക്കാൻ എന്തുകൊണ്ടാണ് മടിക്കുന്നത്?

ശ്രീ. കെ.എം. മാണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അർത്ഥം എനിക്ക് മനസ്സിലാകുന്നില്ല. ഈ രാജ്യത്തുള്ള തട്ടിപ്പുകാർ ആരൊക്കെയാണെന്ന് ഒരു സുപ്രഭാതത്തിൽ ലിസ്റ്റു തയ്യാറാക്കാൻ സാധിക്കുകയില്ല. നേരേമറിച്ച് 160 കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള ആളുകളുടെ പേരുവിവരം റിക്കാർഡിൻപടി പോലീസ് സ്റ്റേഷനിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ ജോർജ്ജ് മാത്യു: സാധാരണക്കാരുടെ കയ്യിൽനിന്നു അയ്യായിരവും പതിനായിരവും തട്ടിയെടുത്ത കേസുകളിൽ കേസുകഴിഞ്ഞിട്ടും നിയമത്തിന്റെ നൂലാമാലകൊണ്ട് തിരിയെ കിട്ടുന്നതിന് വളരെ സമയം എടുക്കുന്നതുകൊണ്ട് സമയത്തിന് തിരിച്ചുവാങ്ങിക്കൊടുക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുമോ?

ശ്രീ. കെ. എം. മാണി: ക്രിമിനൽ പ്രൊസീഡിയർ കോഡിൽ ഇപ്പോൾ കൊണ്ടുവന്ന അമെൻറുമെൻറിന്റെ അടിസ്ഥാനത്തിൽ വേണമെങ്കിൽ സ്പെഷ്യലായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സ്പെഷ്യൽ കോടതിയെ ഏർപ്പെടുത്തുന്നതിന് അധികാരമുണ്ട്. അതുകൊണ്ട് അങ്ങനെയുള്ള കാര്യത്തെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: വിദേശ കമ്പനികളുമായി ബന്ധമുണ്ടെന്നു പറഞ്ഞ് എൻ.ഒ.സി. വാങ്ങിക്കൊടുക്കാമെന്നു പറഞ്ഞ് തട്ടിപ്പു നടത്തുന്ന വിദേശത്തു താമസിക്കുന്ന ആളുകളെക്കുറിച്ച് പരാതികിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അങ്ങനെയുള്ളവരുടെ പേരിൽ നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ.എം. മാണി: ഈ കേസുകളിൽ പല കേസുകളും അങ്ങനെ സ്വഭാവമുള്ളതാണ്. വിദേശത്തുള്ള കമ്പനികളുമായി ബന്ധമുണ്ടെന്നു പറഞ്ഞ് തട്ടിപ്പ് നടത്തുന്നുണ്ട്. അത്തരം ബോഗസ് കമ്പനികളെക്കുറിച്ച് പല രീതിയിലുള്ള കേസുകളുമുണ്ട്. ആ കേസുകളെല്ലാം അന്വേഷണത്തിലിരിക്കുകയാണ്. അതിന്റെയൊക്കെ അന്വേഷണം പൂർത്തിയായാലേ മുഴുവൻ പിക്ചർ മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

ശ്രീ. പിണറായി വിജയൻ: എൻ.ഒ.സി. തട്ടിപ്പ് കേസിന് വിധേയമായി എത്രപേർ കേരളത്തിലെ ജയിലുകളിൽ കഴിയുന്നുണ്ടെന്നു പറയാമോ? അവരെ സംബന്ധിച്ച കണക്ക് ഗവൺമെൻറിന്റെ കയ്യിൽ ഉണ്ടോ?

ശ്രീ. കെ.എം. മാണി: അതു പ്രത്യേകമായ ചോദ്യമായതുകൊണ്ട് പ്രത്യേകമായി ചോദിച്ചാൽ പറയാം.

ശ്രീ. ററി. എച്ച്. മുസ്തഫ: 160 കേസുകൾ ഉണ്ടായിട്ടും ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് സംഘടിതമായ തോതിൽ എൻ.ഒ.സി. തട്ടിപ്പ് നടക്കുന്നുണ്ടെന്നും പാവപ്പെട്ട തൊഴിൽരഹിതരായ ആളുകളെ കുടുക്കുന്ന ഈ കള്ളക്കമ്പനിക്കാരിൽനിന്നും കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ.എം. മാണി: ഒന്നാമത്, ഇങ്ങനെയുള്ള തട്ടിപ്പ് സംഘങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷിക്കുന്നതിന് ക്രൈം ബ്രാഞ്ച് ഡി.ഐ.ജി.യെ പ്രത്യേകിച്ച് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള കേസുകൾ ഉണ്ടായാൽ അദ്ദേഹം പ്രത്യേകിച്ച് സൂക്ഷ്മനിരീക്ഷണം നടത്തുന്നുണ്ട്. രണ്ടാമത്, ഇങ്ങനെയുള്ള കാര്യങ്ങൾ വന്നാൽ പ്രയോറിട്ടി കൊടുത്തുകൊണ്ട് ശക്തമായ അന്വേഷണം നടത്തും. ഇങ്ങനെയൊക്കെയാണെങ്കിലും ഏതെങ്കിലും ഒരു കമ്പനി ഇൻറർവ്യൂവിനെന്നും പറഞ്ഞ് ക്ഷണിച്ചാൽ വല്ല ഹോട്ടലുകളിൽ പോകുകയും ഇങ്ങനെയുള്ള അപകടങ്ങളിൽ ചാടുകയും ചെയ്യാതിരിക്കുന്നതിനുള്ള സൂക്ഷ്മത പൊതുജനങ്ങളിൽ ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. നൂറുദ്ദീൻ: കുറച്ചു കേസുകൾ രജിസ്റ്റർ ചെയ്യുകയും കുറച്ചു കേസുകൾ ചാർജ്ജു ചെയ്തു എന്നു പറഞ്ഞു. ഈ പറഞ്ഞ കാലയളവിനുള്ളിൽ ഏതെങ്കിലും ഒരു കേസ് ചാർജ്ജു ചെയ്തു വിചാരണ ചെയ്ത് ശിക്ഷിച്ചതായി ഗവൺമെൻറിന് വ്യക്തമാക്കാൻ കഴിയുമോ; ഉണ്ടെങ്കിൽ ഏതു കേസാണെന്നു പറയാമോ?

ശ്രീ. കെ.എം. മാണി: ഒരു കേസ് ഇതിനകം ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. അതിൻെറ അർത്ഥം മറെറാന്നും ശിക്ഷിക്കപ്പെടുകയില്ല എന്നുള്ളതല്ല. ശിക്ഷിക്കപ്പെട്ടത് ഒരു കേസാണ്.

ശ്രീ. കെ.ജെ. ചാക്കോ: എൻ.ഒ.സി. തട്ടിപ്പുപോലെതന്നെമന്ത്രിയുടെ പ്രൈവറേറ് സെക്രട്ടറിയാണ്, പേഴ്സണൽ സ്റാഫിൽപ്പെട്ട ആളാണ്, എം.എൽ.എ. യാണ്, പാർട്ടിയിലെ പ്രമുഖനാണ് എന്നൊക്കെ പറഞ്ഞ് പണപ്പിരിവു നടത്തുന്നതായും മനുഷ്യരെ പററിക്കുന്നതായും കേൾക്കുന്നുണ്ട്. അങ്ങനെ ഏതെങ്കിലും കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ?

ശ്രീ. കെ.എം. മാണി: എം.എൽ.എ.മാരെന്നല്ല ദൈവത്തിൻെറ പേരുവരെ ഉപയോഗിച്ചുകൊണ്ട് തട്ടിപ്പു നടത്തുന്നുണ്ട്. തട്ടിപ്പിനെ സംബന്ധിച്ചിടത്തോളം പല രൂപത്തിലും ഭാവത്തിലും ഉണ്ട്. സയൻറിഫിക്കായ തട്ടിപ്പുകളും നടക്കുന്നുണ്ട്. എം.എൽ.എ. മാരുടെ പേരുപയോഗിക്കുന്നു, മന്ത്രിയുടെ പേരുപയോഗിക്കുന്നു, ഇങ്ങനെയെല്ലാമുണ്ട്. ഇതിനെക്കുറിച്ചൊക്കെ പൊതുചർച്ചയിലേക്കു പോയിട്ടു കാര്യമില്ല.

ശ്രീ. എസ്. ത്യാഗരാജൻ: വളരെ വ്യാപകമായ രാജ്യാന്തര തട്ടിപ്പിനു ഒരു വിഭാഗം ഉണ്ടെന്ന നിലയിൽ ഇതിനൊരു പ്രത്യേക വിംഗ് രൂപീകരിക്കാൻ തയ്യാറാകുമോ? അതുപോലെതന്നെ നിരവധി ചെറുപ്പക്കാർ ഇന്ന് ബോംബെ തുടങ്ങിയ പട്ടണങ്ങളിൽ കുടുങ്ങിപ്പോയിട്ടുണ്ട്. അതുകൊണ്ട് അവിടെ ഒരു പോലീസ് എയിഡ് പോസ്റ് സ്ഥാപിച്ച് അവരെ സഹായിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ.എം. മാണി: ബഹുമാനപ്പെട്ട പല മെമ്പർമാരും ഇവിടെ സൂചിപ്പിച്ചതുപോലെ ബോഗസ് കമ്പനികൾ ബോംബെയിലും മറെറാ കാളിററി എക്സ്പോർട്ടേഴ്സ് എന്ന നിലയിൽ പല പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. സെൻട്രൽ ഗവൺമെൻറും മറെറല്ലാ ഗവൺമെൻറുകളുമായി ബന്ധപ്പെട്ടുകൊണ്ട് ഈ രാജ്യത്തുള്ള ബോഗസ് കമ്പനികളെപ്പററി സമഗ്രമായി അന്വേഷണം നടത്തുന്നതിന് അന്വേഷണത്തിൻെറ രീതി ഒന്നു മാറേറണ്ടതുണ്ട്.

ശ്രീ. പി.കെ. ശങ്കരൻകുട്ടി: ജോലിയില്ലാതെ നടക്കുന്ന ആളുകൾക്ക് ജോലി കൊടുക്കാമെന്നു പറഞ്ഞ് നടക്കുന്ന ഇത്തരം തട്ടിപ്പുകമ്പനികളെ നിലയ്ക്കുനിറുത്തുന്നതിന് പല പ്രയാസങ്ങളും ഇന്നത്തെ നിയമത്തിലുണ്ടെങ്കിലും വിദേശത്തായാലും സ്വദേശത്തായാലും ആളുകൾക്കു ജോലികൊടുക്കാമെന്നു പറഞ്ഞ് റിക്രൂട്ട്മെൻറ് നടത്തുന്നവരുടെ അംഗീകൃതമായ ലിസ്റ് അംഗീകരിച്ചാൽമാത്രമേ റിക്രൂട്ട്മെൻറ് പാടുള്ളൂ എന്നുള്ളതിന് ഗവൺമെൻറ് കേന്ദ്രഗവൺമെൻറുമായി ബന്ധപ്പെട്ടുത്തി ഒരു പ്രത്യേക നിയമനടപടി അംഗീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ.എം. മാണി: ഒരു പരിധിവരെ ഈ തട്ടിപ്പിൽ നിന്നൊക്കെ രക്ഷ നേടുന്നതിനുവേണ്ടിയാണ് കേരള ഗവൺമെൻറ് ഒ.ഇ.പി.ഡി.സി. ഉണ്ടാക്കിയിരിക്കുന്നത്. ആളുകൾ എവിടെയെങ്കിലും ഇൻറർവ്യൂ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെന്നു പറഞ്ഞാൽ ഉടനെ ഏതെങ്കിലും ഹോട്ടലിലേക്കു പോവുകയും ആരാണ് ഇൻറർവ്യൂ നടത്തുന്നതെന്ന് അന്വേഷിക്കാതെ കുറേ ഇഗ്നറൻസ് കാണിക്കുകയും ചെയ്യുന്നുണ്ട്.

പോർട്ടുവകുപ്പിലെ ജീവനക്കാർ

* 554 [589] ശ്രീ. എ.പി. കുര്യൻ:

,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോർട്ടുവകുപ്പിലെ ക്ലാസ്-3, ക്ലാസ്-4 വിഭാഗം ജീവനക്കാരുടെ സേവനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പരാതികളും നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഉന്നയിച്ച സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ:

(സി) വളരെ അപരിഷ്കൃതമായ സേവന സൗകര്യങ്ങളോടുകൂടി അപകടകരമായ സാഹചര്യങ്ങളിൽ പണിയെടുക്കേണ്ടിവരുന്ന ഈ ജീവനക്കാരുടെ ആവശ്യങ്ങൾ പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഗവൺമെൻറിനു ലഭിച്ച അപേക്ഷയിൻമേൽ പോർട്ടു ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതു ലഭിച്ചതിനുശേഷം അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ പരിശോധിക്കുന്നതാണ്.

ശ്രീ. പിണറായി വിജയൻ: ഈ ആവശ്യം ഉന്നയിച്ച സംഘടനകളുമായി ചർച്ച ചെയ്യണമെന്ന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ.എം. മാണി: അവരോട് ചർച്ച ചെയ്യുന്നതിന് ബുദ്ധിമുട്ടൊന്നുമില്ല. അവർ ഉന്നയിച്ച പല ആവശ്യങ്ങളും പേ കമ്മീഷൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലുള്ള പേ റിവിഷൻ ഓർഡറിൽതന്നെ ആനുകൂല്യം നൽകിയിട്ടുള്ളതാണ്.

ശ്രീ. പിണറായി വിജയൻ: ഈ ആവശ്യങ്ങൾ ഉന്നയിച്ച അപേക്ഷ ഏതു തീയതിക്കാണ് കിട്ടിയത്?

ശ്രീ. കെ.എം. മാണി: ഓരോ അപേക്ഷയും ഏതു തീയതിക്കാണ് കിട്ടിയതെന്നു പറയാൻ ബുദ്ധിമുട്ടുണ്ട്. പല സംഘടനകളും പല കാലഘട്ടങ്ങളിലായി പല അപേക്ഷകളും തന്നിട്ടുണ്ട്. അതിൽ നിരവധി ഡിമാൻറുകളുണ്ട്. അടുത്തകാലത്തുണ്ടായ പേ കമ്മീഷൻ റിപ്പോർട്ടിൽ ഈ ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം മെച്ചമായ റെക്കമെൻറേഷനുകൾ ഉണ്ടായിരുന്നു. അതു സാധിച്ചുകൊടുത്തിട്ടുണ്ട്. കൂടുതലായ കാര്യങ്ങളെപ്പറ്റി പര്യാലോചിക്കാവുന്നതാണ്. ഇങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി ഗവൺമെൻറ് ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly